# കേരള സർവകലാശാല

നം.പി.ആർ.262/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫീസ്

2020 ഫെബ്രുവരിയിൽ നടത്തുന്ന (ഏപ്രിൽ 2020 സെഷൻ) ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് - ത്രീമെയിൻ സിസ്റ്റം ഡിഗ്രിയുടെ ഒന്നും രണ്ടും മൂന്നും വർഷ സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈനായും ഓഫ്ലൈനായും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 12 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ ഡിസംബർ 19 വരെയും 125 രൂപ പിഴയോടെ ഡിസംബർ 24 വരെയും 400 രൂപ പിഴയോടെ ഡിസംബർ 28 വരെയും രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റി

2019 ഡിസംബർ 11 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളും അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ബി.വോക്/ബി.എം.എസ് ഡിഗ്രി പരീക്ഷകളും മാറ്റിവെച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടന്ന (നവംബർ 2018 സെഷൻ) സി.ബി.സി.എസ് ബി.കോം മൂന്ന്, നാല് സെമസ്റ്റർ (2010 & 2011 അഡ്മിഷൻ - മേഴ്സിചാൻസ്, 2012 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഡിസംബർ 12 വരെ അപേക്ഷിക്കാം. ഇതിന് വെബ്സൈറ്റിൽ നിന്ന് ലഭ്യമാകുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

### ഇന്റർ കോളേജിയറ്റ് അത്ലറ്റിക്സ് മത്സരങ്ങൾ

സർവകലാശാലയുടെ 80 ാമത് ഇന്റർ കോളേജിയറ്റ് അത്ലറ്റിക്സ് മത്സരങ്ങൾ സർവകലാശാല സ്റ്റേഡിയത്തിൽ 2019 ഡിസംബർ 12, 13, 14 തീയതികളിൽ നടത്തുന്നു. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന മത്സരങ്ങളിൽ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നായി ആയിരത്തോളം പുരുഷ വനിതാ കായിക താരങ്ങൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നു. ഡിസംബർ 12 ന് വൈകുന്നരം 3.30 ന് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.(ഡോ.) വി.പി മഹാദേവൻപിള്ള അത്ലറ്റിക് മീറ്റ് ഉത്ഘാടനം ചെയ്യും. ഡിസംബർ 14 ന് നട

ക്കുന്ന സമാപന ചടങ്ങിൽ സർവകലാശാല പ്രോ - വൈസ് ചാൻസലർ ഡോ.അജയകുമാർ പി.പി മത്സര വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിക്കുന്നതാണ്. തദവസരത്തിൽ സർവ കലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ, മറ്റ് വിശിഷ്ട അതിഥികൾ എന്നിവർ പങ്കെടുക്കുന്നതാണ്.

തിരുവനന്തപുരം,

10.12.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098